**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2454** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാടികളിൽ നിയമസഭാംഗങ്ങളുടെ പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള നിയമസഭാംഗങ്ങളെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിയമസഭാ സാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിനും, അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിനും അതീവ ശ്രദ്ധപുലർത്തുന്നതിന് 18/12/2014 തീയതിലെ ഇ.എം.1/150/2014 നമ്പർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)<br><br>കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മേൽനോട്ടത്തിൽ നടത്തുന്ന എല്ലാ ഔദ്യോഗിക പരിപാടികളിലും സ്ഥലം എം.എൽ.എ.യെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ് എന്നും അല്ലാത്ത പക്ഷം അത് പ്രോട്ടോക്കോൾ ലംഘനമായി കണക്കാക്കപ്പെടുന്നതാണ് എന്നുമുള്ള കർശന നിർദ്ദേശവും 17/08/2022-ലെ LSGD-EM1/125/2020-LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് 18.12.2014 ൽ പുറപ്പെടുവിച്ച ഇ.എം.1/150/2014 നമ്പർ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. നിയമസഭാ സാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിനും, അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിനും അതീവ ശ്രദ്ധപുലർത്തുന്നതിന് 18/12/2014 തീയതിലെ ഇ.എം.1/150/2014 നമ്പർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

| | | | |
|---|---|---|---|
| | | | കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മേൽനോട്ടത്തിൽ നടത്തുന്ന എല്ലാ ഔദ്യോഗിക പരിപാടികളിലും സ്ഥലം എം.എൽ.എ.യെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം അത് പ്രോട്ടോക്കോൾ ലംഘനമായി കണക്കാക്കപ്പെടുന്നതാണ് എന്നുമുള്ള കർശന നിർദ്ദേശവും 17/08/2022-ലെ LSGD-EM1/125/2020-LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

നം. ഇ.എം.1/ 150/2014-തസ്വഭവ തിരുവനന്തപുരം, തീയതി : 18 .1 2 .2014

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ --– നിലവിലെ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പ്രത്യേകമായി ഒരു പ്രോട്ടോക്കോൾ സംവിധാനം നിലവിലില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, കോർപ്പറേഷൻ മേയറും ഒഴികെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോളിൽ അംഗങ്ങളല്ല. എന്നാൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കേണ്ടുന്നത് എല്ലാ തസ്വഭസ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെയും, അംഗങ്ങളുടെയും കർത്തവ്യമാണ്. എന്നിരിക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പല പരിപാടികളിലും പ്രോട്ടോക്കോൾ ലംഘനങ്ങൾ നടക്കുന്നതായി എം.എൽ.എമാർ നിയമസഭയ്ക്ക് മുൻപാകെ നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിയമസഭാസാമാജികർക്ക് ഇത്തരത്തിൽ പരാതികൾ ഉന്നയിക്കപ്പെടേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിൽ തസ്വഭ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ കാരണക്കാരാകുന്നത് ഭൂഷണമല്ല. നിലവിൽ തസ്വഭ ജനപ്രതിനിധികൾക്ക് പ്രോട്ടോക്കോൾ സംവിധാനം ഇല്ലാത്ത സംഗതിയിൽ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുവാൻ അതത് തസ്വഭ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്.ആയതിനാൽ നിയമസഭാസാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിലും , അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിലും അതീവശ്രദ്ധപുലർത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

പി. റംലത്ത്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

നം. LSGD-EM1/125/2020-LSGD

തിരുവനന്തപുരം,
തീയതി: 17-08-2022

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നിയമസഭയിലെ അംഗങ്ങളെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സർക്കുലർ നമ്പർ. ഇ.എം.1/150/2014-തസ്വഭവ തീയതി 18/12/2014.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലെ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് സൂചന സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിയമസഭാ സാമാജികരെ പഞ്ചായത്തുകളുടെ പരിപാടികളിൽ നിന്നും ഒഴിവാക്കുന്നത് വഴി പ്രോട്ടോക്കോൾ ലംഘനം നടക്കുന്നതായി എം.എൽ.എ.മാർ നിയമസഭ മുൻപാകെ പരാതികൾ സമർപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത് ഭരണഘടനയുടെ അനുച്ഛേദം 243 B പ്രകാരമാണ്. പഞ്ചായത്തുകളുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്വങ്ങളും (അനുച്ഛേദം 243 G നൽകുന്ന അധികാരം വിനിയോഗിച്ച്) കേരള നിയമസഭ നിയമം വഴി നിർവ്വചിച്ചിട്ടുണ്ട്. ആ നിലയ്ക്ക് കേരള നിയമസഭയിലെ അംഗങ്ങളെ സ്വയംഭരണ സ്ഥാപനമെന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിപാടികളിൽ നിന്നും ഒഴിവാക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ തീരുമാനം നടപ്പാക്കാൻ മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് ബാദ്ധ്യതയുള്ളുവെന്നതിനാൽ ഭരണ സമിതികൾ ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നത് പ്രോട്ടോക്കോൾ ലംഘനമാണ്. അതിനാൽ ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മേൽനോട്ടത്തിൽ നടത്തുന്ന എല്ലാ ഔദ്യോഗിക പരിപാടികളിലും സ്ഥലം എം.എൽ.എ.യെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ് എന്ന കർശന നിർദ്ദേശം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നു. അല്ലാത്തപക്ഷം അത് പ്രോട്ടോക്കോൾ ലംഘനമായി കണക്കാക്കപ്പെടുന്നതാണ്.

**രഞ്ജൻ രാജ് ആർ പി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by M.k.pradeesh Kumar
Date: 17-08-2022 17:57:40

സെക്ഷൻ ഓഫീസർ.